## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.26 — 27.02.2017 ൽ മറുപടിക്ക്

## നവകേരള മിഷൻ പദ്ധതി

| ചോദ്യം: | | മറുപടി : | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുവിൽ കൈക്കൊണ്ട ജനക്ഷേമകരമായ നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | വിവരം ശേഖരിച്ച വരുന്നു. |
| (ബി) | നവകേരള മിഷൻ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയിലൂടെയും സർക്കാർ ലക്ഷ്യംവെയ്ക്കുന്നത് എന്തെല്ലാം; വിശദമാ ക്കാമോ? | (ബി) | കേരളത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ചു വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കുവാൻ 28.9.2016 ലെ സ.ഉ.(പി)നം.41/2016/ആസാവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>1) സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി.<br>2) ജന സൗഹൃദ സർക്കാർ ആശുപത്രികൾ<br>3) സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി<br>4) ശുചിത്വം- മാലിന്യ സംസ്കരണം , കൃഷി വികസനം , ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി എന്നിവയാണ്. |

| | | | |
|---|---|---|---|
| | | | വികസന പ്രക്രിയയിൽ ഇനിയും പൂർണ്ണ പ്രയോജനം ലഭിക്കാത്തവരും ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങളും ജീവിതവും മെച്ചപ്പെടുത്തുക, നിലവിലുള്ള പ്രവർത്തന രീതികൾ കാലാനുസൃതമായി മെച്ചപ്പെടുത്തി ചിട്ടയോടെയുള്ള പ്രവർത്തനങ്ങളിലൂടെ ജനോപകാരപ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതികളുടെ ലക്ഷ്യം. |

Sebimol

സെക്ഷൻ ഓഫീസർ